# KOLLAM CITY POLICE

https://www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated : 17/05/ 2020

## ക്വാറന്റൈൻ ലംഘനങ്ങൾക്കെതിരെ സിറ്റി പോലീസ് കർശന പരിശോധന തുടരുന്നു.

കൊല്ലം : ഇതര സംസ്ഥാനങ്ങളിൽ നിന്നും വിദേശ രാജ്യങ്ങളിൽ നിന്നും തിരികെയെത്തി സർക്കാർ നിർദേശപ്രകാരം ഹോം ക്വാറന്റൈൻ ഇൻസ്റ്റിറ്റ്യൂഷണൽ ക്വാറന്റൈൻ കേന്ദ്രങ്ങളിൽ കഴിയുന്നവർ ക്വാറന്റൈൻ കേന്ദ്രങ്ങളിൽ നിന്നും പുറത്ത് പോകുന്നില്ല എന്ന് ഉറപ്പ് വരുത്തുന്ന തിനായി ശക്തമായ പരിശോധനകളും നിരീക്ഷണ സംവിധാനങ്ങളുമാണ് പോലീസ് ഏർപ്പെടു ത്തിയിരിക്കുന്നത്. സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ ലംഘിച്ച് ക്വാറന്റൈൻ ലംഘനം നടത്തുന്ന വർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതാണെന്ന് സിറ്റി പോലീസ് കമ്മീഷണർ നാരാ യണൻ റ്റി ഐ.പി.എസ് അറിയിച്ചു. സമ്പൂർണ്ണ ലോക്ക് ഡൗൺ ആയിരുന്ന 17.05.2020 ൽ നിബ ന്ധനകൾ ലംഘിച്ചതിന് 100 കേസുകൾ സിറ്റി പോലീസ് പരിധിയിലെ വിവിധ സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്തു. 105 പേരെ അറസ്റ്റുചെയ്ത് 59 വാഹനങ്ങൾ പിടിച്ചെടുത്തു. പൊതു സ്ഥലങ്ങ ളിൽ സഞ്ചരിക്കുന്നവർ നിർബന്ധമായും മാസ്ക്ക് ധരിക്കേണ്ടതാണെന്ന സർക്കാർ നിർദ്ദേശം ലംഘിച്ചതിന് 71 പേർക്കെതിരേയും കേസുകൾ രജിസ്റ്റർ ചെയ്തു. സിറ്റിയിലെ എല്ലാ പോലീസ് സ്റ്റേഷൻ പരിധികളിലേയും അതിഥി തൊഴിലാളികൾ താമസിക്കുന്ന ക്യാമ്പുകളിലും വീടുക ളിലും പോലീസ് ഉദ്യോഗസ്ഥർ സന്ദർശിച്ച് ബോധവൽക്കരണം നടത്തുകയും അത്യാവശ്യ സഹായങ്ങൾ നടത്തിക്കൊടുക്കുകയും ചെയ്തു. മാനദണ്ഡങ്ങൾ ലംഘിച്ച് ചായക്കട തുറന്ന് പ്രവർത്തിപ്പിച്ചതിന് ഈസ്റ്റ് പോലീസ് സ്റ്റേഷൻ പരിധിയിൽ എസ് എം പി പാലസിന് സമീപം കന്റോൺമെന്റ് സ്വദേശി അനിയൻ കുഞ്ഞിനെതിരേയും കിളികൊല്ലൂർ എസ് വി ടാക്കീസിന് സമീപം എസ് വി ടാക്കീസ് ജംഗ്ഷൻ സ്വദേശി രാജേന്ദ്രനെതിരേയും ഇരവിപുരം വാളത്തുംഗ ലിൽ ചിക്കൻ സ്റ്റാൾ തുറന്ന് പ്രവർത്തിപ്പിച്ച വാളത്തുംഗൽ സ്വദേശി അനസിനെതിരേയും കേസ് രജിസ്റ്റർചെയ്തു. കിളികൊല്ലൂർ പോലീസ് സ്റ്റേഷൻ പരിധിയിൽ അയത്തിൽ മാലിക്കര രാജേന്ദ്ര ഭവനത്തിൽ ജയന്റെ വീട്ടിൽ പണം വച്ച് ചീട്ടുകളിയിൽ ഏർപ്പെട്ടിരുന്ന വീട്ടുടമസ്ഥൻ ഉൾപ്പെടെ 7 പേരെ 2650/- രൂപാ സഹിതം സ്പെഷ്യൽ ബ്രാഞ്ച് എസ്ഐ ജയകുമാറിന്റെ നേതൃത്വത്തിലുള്ള ഡാൻസാഫ് ടീം പിടികൂടി

പോലീസ് നടത്തി വരുന്ന സന്നദ്ധപ്രവർത്തനങ്ങളുടെ ഭാഗമായി പരവൂർ നെടുങ്ങോലം ആശുപത്രിയിലെ കിടപ്പുരോഗികളായ നൂറോളം പേർക്ക് ശാർക്കരേശ്വരി ട്രസ്റ്റിന്റെ സഹായത്തോടെ പരവൂർ ജനമൈത്രി പോലീസ് ഭക്ഷണപൊതികൾ വിതരണം ചെയ്തു. കൊല്ലം വെസ്റ്റ് ജനമൈത്രി പോലീസ് എല്ലാ ദിവസവും നടത്തി വരുന്ന ഉച്ചഭക്ഷണപ്പൊതി വിതരണം തേവള്ളി മിൽമ കോളനിയിലെ 25 കുടുംബങ്ങൾക്ക് നടത്തി.